## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2035** **16.08.2017-ൽ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലെന്റ് ഫണ്ട്**

| | ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലെന്റ് ഫണ്ട് മുഖേന കാൻസർ,തലച്ചോർ, വൃക്ക, കരൾ, ഹൃദയം എന്നിവ സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം രണ്ട് ലക്ഷം രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഒരു കുടുംബത്തിന് നൽകുന്ന പരമാവധി ധനസഹായം എത്രയാണ്; | (എ) | കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതി മുഖേന വൃക്കരോഗങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയ, ക്യാൻസർ, ഹൃദ്രോഗം, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്കും, നട്ടെല്ല്, സുഷുമ്നാ നാഡി തുടങ്ങിയവയക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾ എന്നിവയ്ക്കും പരമാവധി 2 ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നു. മേൽ രോഗങ്ങൾക്കുള്ള പരമാവധി ധനസഹായത്തുക, ഒരേ റേഷൻ കാർഡിൽ വരുന്ന,കുടുംബത്തിലെ ഒരാൾക്കോ ഒന്നിലധികം പേർക്കോ ഒരു തവണയായോ, ഒന്നിലധികം തവണകളായോ ലഭിക്കുന്നതാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | പരിയാരം മെഡിക്കൽ കോളേജിൽ കാരുണ്യ ബെനവലെന്റ് ഫണ്ട് പദ്ധതി വഴിയുള്ള ചികിത്സക്ക് എത്ര രൂപ കുടിശ്ശികയുണ്ട്; കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതി പ്രകാരം പരിയാരം മെഡിക്കൽ കോളേജിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിന് രജിസ്റ്റർ ചെയ്ത 6,332 അപേക്ഷകൾക്കായി 68.93 കോടി രൂപ നൽകേണ്ടതുണ്ട്. പരിയാരം ആശുപത്രിക്ക് 30.06.2017 വരെ അനുവദിച്ച 144.07 കോടി രൂപയിൽ 46.70 കോടി രൂപയുടെ കണക്ക് ആശുപത്രിയിൽ നിന്നും ലഭിച്ചിട്ടില്ല. കണക്ക് ലഭിയ്ക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ.